**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്**

**(സാന്നിധ്യം. രഞ്ജൻ രാജ് ആർ പി )**

വിഷയം:- പൊതുവിദ്യാഭ്യാസം-സംസ്ഥാനത്തെ സർക്കാർ ഹൈ സ്കൂളുകളിലെ പ്രഥമാദ്ധ്യാപകർ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികകളിലെ ഓൺലൈൻ സ്ഥലം മാറ്റം-2024-25- സർക്കുലറിലെ വ്യവസ്ഥകളിൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു.

പരാമർശം:- ഈ കാര്യാലയത്തിലെ 12/04/2024 ലെ DGE/1/2024-D5 നമ്പർ സർക്കുലർ.

**ഉത്തരവ് നമ്പർ DGE/1/2024-D5 തീയതി : 05-06-2024**

സംസ്ഥാനത്തെ സർക്കാർ ഹൈസ്കൂളുകളിലെ പ്രഥമാദ്ധ്യാപകർ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികകളിലെ ഓൺലൈൻ സ്ഥലംമാറ്റം സംബന്ധിച്ച പൊതുവ്യവസ്ഥകൾ പരാമർശം പ്രകാരം സർക്കുലറായി പ്രസിദ്ധീകരിച്ചിരുന്നു.

പ്രസ്തുത സർക്കുലറിൽ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾ clause I ലും മുൻഗണന ക്രമം clause II ലും വിശദീകരിക്കുന്നു. പ്രസ്തുത സർക്കുലറിൽ 18/03/2024 തീയതിക്കുശേഷം സ്ഥാനക്കയറ്റം നേടിയിട്ടുള്ള എല്ലാ പ്രധാന അധ്യാപകരും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും നിർബന്ധമായും സ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിക്കേണ്ടതാണെന്നും അത്തരത്തിൽ അപേക്ഷ സമർപ്പിച്ചിട്ടില്ലെങ്കിലോ അപേക്ഷ സമർപ്പിച്ച സ്ഥാപനങ്ങളിലേയ്ക്ക് യോഗ്യത നേടി സ്ഥലംമാറ്റം ലഭ്യമായിട്ടില്ലെങ്കിലോ ഓൺലൈൻ സ്ഥലംമാറ്റം വഴി നിലവിൽ വരുന്ന resultant vacancy യിൽ സ്ഥാലം മാറ്റി നിയമിക്കുന്നതായിരിക്കും എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പ്രസ്തുത സർക്കുലറിലെ വ്യവസ്ഥകളിൽ അവശ്യഘട്ടങ്ങളിൽ മാറ്റംവരുത്തുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ് എന്ന് സർക്കുലറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി അധികാരം ഉപയോഗിച്ച് പരാമർശം സർക്കുലറിൽ ചുവടെ ചേർക്കുന്ന ഭേദഗതി വരുത്തി ഉത്തരവാകുന്നു.

18/03/2024 തീയതിക്കുശേഷം സ്ഥാനക്കയറ്റം നേടിയ സർക്കാർ ഹൈസ്കൂൾ - പ്രധാന അധ്യാപകർ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/ സമാന തസ്തികയിൽ ജോലിനോക്കുന്നവരിൽ നിന്നും അപേക്ഷ ക്ഷണിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തീയതിക്കുശേഷം സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്ക് സീനിയർ ആയ അപേക്ഷകരുടെ മുൻഗണനാ മാനദണ്ഡങ്ങൾ പ്രകാരം ആവശ്യപ്പെട്ടിട്ടുള്ള സ്ഥലങ്ങളിലേയ്ക്ക് സ്ഥലംമാറ്റം അനുവദിച്ചതിനുശേഷമുള്ള റിസൾട്ടന്റ് വേക്കൻസിയിൽ മാത്രമേ സ്ഥലംമാറ്റം അനുവദിക്കുവാൻ സാധിക്കുകയുള്ളൂ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം

സ്വീകർത്താവ് :

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2) എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
3) എല്ലാ പ്രധാനാധ്യാപകർക്കും
4) വൈസ് ചെയർമാൻ &എക്സിക്യൂട്ടീവ് ഡയറക്ടർ ,കൈറ്റ് പൂജപ്പുര